# വചനസുമം



വാല്യം 14 ◆ സെപ്തംബർ 2015 ◆ ലക്കം 9

# പ്രസംഗം തയ്യാറാക്കിയവർ

**സെപ്തംബർ 6 : തേജസ്ക്കരണത്തിനുശേഷം 5 – ാം ഞായർ**

ബ്രദർ മോൺസൺ വർഗീസ് ഒ.ഐ.സി.

**സെപ്തംബർ 13 : തേജസ്ക്കരണത്തിനുശേഷം 6 – ാം ഞായർ**

ബ്രദർ സിറിൽ മൈക്കിൾ ഒ.ഐ.സി.

**സെപ്തംബർ 14 : സ്ലീബാപ്പെരുന്നാൾ**

ബ്രദർ എബിൻ തോമസ് ഒ.ഐ.സി.

**സെപ്തംബർ 20 : മലങ്കര പുനരൈക്യദിനം**

ബ്രദർ ജിയോ പോൾ ഒ.ഐ.സി.

**സെപ്തംബർ 27 : സ്ലീബാപ്പെരുന്നാളിനുശേഷം 2 – ാം ഞായർ**

ബ്രദർ ബോണിഫസ് ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam - 686 010
Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

## സെപ്തംബർ 6 : തേജസ്ക്കരണത്തിനുശേഷം 5 – ാം ഞായർ

*ബ്രദർ മോൺസൺ വർഗീസ് ഒ.ഐ.സി*

നിയമ. 9:25–29; 1 സാമു. 12:16–25; ഏശ്ശ. 40:1–11; യാക്കോ. 1:2–8; ഹെബ്രാ. 13:1–6; ലൂക്ക 18:18–30

### ആമുഖം

ആരാധനക്രമവത്സരപ്രകാരം തേജസ്കരണ കാലത്തിലൂടെയാണ് നാം നമ്മുടെ ആദ്ധ്യാത്മികയാത്ര നയിക്കുന്നത്. ദൈവോന്മുഖരായി ജീവിച്ച് മഹത്ത്വീകരണ ജീവിതക്രമം എങ്ങനെ സ്വായത്തമാക്കാം എന്ന വിചിന്തനത്തിലേക്കാണ്, തേജസ്കരണ കാലത്തിലെ വി. ഗ്രന്ഥ സന്ദേശങ്ങൾ നമ്മെ ക്ഷണിക്കുന്നത്.

ധനത്തിന്റെ ക്രയവിക്രയത്തിൽ രൂപപ്പെട്ട സാമൂഹ്യചുറ്റുപാടിൽ സജീവരായി ജീവിക്കുമ്പോഴും എങ്ങനെ ദൈവോന്മുഖരായി വളരാം എന്ന ചിന്തയെ സ്വാംശീകരിക്കുവാനുള്ള പ്രചോദനമാണു ഇന്നത്തെ സുവിശേഷം നൽകുന്നത്.

### പശ്ചാത്തലം

വി. മത്തായി 19:16–22, വി.മർക്കോസ് 10:17–31, വരെയുള്ള വചനങ്ങളും ഇതെ സംഭവം വിവരിക്കുന്നുണ്ട്. ആദ്യ രചയിതാവായ വി. മർക്കോസ് യേശുവിനെ സമീപിക്കുന്ന വ്യക്തിയെ 'ഒരുവൻ' എന്നു വിശേഷിപ്പിക്കുമ്പോൾ, വി. മത്തായി യുവാവ് എന്ന ഭേദകം നൽകുന്നു. ലൂക്കായിൽ ഇതേ കഥാപാത്രം ധനികനായ യുവാവാണ്. ഇവയൊഴിച്ചാൽ സമാന്തര സുവിശേഷങ്ങൾ സമാന്തരങ്ങളായ വിശദീകരണവും സന്ദേശവുമാണ് നൽകുന്നത്.

ഗ്രീക്ക് മൂലഗ്രന്ഥത്തിൽ യേശുവിനെ സമീപിക്കുന്നത് ആർക്കോൻ ആണ്. ആർക്കദിയാക്കോൻ എന്ന നമുക്ക് സുപരിചിതമായ വാക്കിന്റെ ഉത്ഭവം ആർക്കോനിൽനിന്നാണ്. അധികാരി എന്നാണ് ഈ വാക്കിന്റെ അർത്ഥം. സെൻ ഹദ്രീനിലെ അംഗം, പ്രാദേശിക സീനാഗോഗിന്റെ അധികാരി, ന്യായാധിപൻ എന്നിങ്ങനെ വിവിധ തരത്തിലുള്ള അഭിപ്രായങ്ങൾ ഈ വ്യക്തിയെക്കുറിച്ച് നല്കപ്പെടുന്നു. Dean Lumptre എന്ന ബൈബിൾ പണ്ഡിതൻ ലൂക്കാ സുവിശേഷകനിൽ കാണപ്പെടുന്ന recordical suppressing എന്ന ശൈലിയും, 'ഒരു കുറവുണ്ട" എന്ന

പ്രയോഗത്തെ 'ഒരു കാര്യംമാത്രമേ ആവശ്യമുള്ളു' എന്ന് യേശു ബഥനിയിലെ മർത്തയോടു പറയുന്നതിനേയും താരതമ്യപ്പെടുത്തി, ധനികനായ യുവാവ് ബഥാനിയായിലെ ലാസറാണ് എന്നുവരെ സമർത്ഥിക്കുന്നുണ്ട്.

## പ്രമേയം

സമാന്തര സുവിശേഷകർ ഹൃദ്യമായ അലങ്കാരികപ്രയോഗ ത്തിലൂടെ സംവാദിക്കുന്ന ആശയത്തിന്റെ വ്യക്തത ഉണർത്തുവാൻ ശ്രമിക്കുന്നുണ്ട്. ഇസ്രയേലിൽ പ്രയോഗത്തിലിരുന്ന, 'ധനവാൻ' സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ് എന്ന പഴംചൊല്ലാണ്, 'അപ്രയോഗികം' എന്ന ആശയത്തെ ബലപ്പെടുത്താൻ ഉപയോഗി ക്കുന്നത്.സൂചിക്കുഴ ജറുസലേമിൽ പ്രവേശിക്കുവാൻ ജറുസലേം കോട്ടയിലുള്ള ചെറിയ കിളിവാതിലാണ്. വലിയ കവാടം അസാധാരണ അവസരങ്ങളിൽ മാത്രമാണ് അന്ന് തുറന്നിരുന്നത്. ഒരാൾക്ക് മാത്രം കടക്കാമായിരുന്ന ഈ വാതിലിലൂടെ ഒട്ടകങ്ങൾ വളരെ ശ്രമപ്പെട്ടാണ് കടന്നുപോയിരുന്നത്. ഭൂരിഭാഗം ഒട്ടകങ്ങൾക്കും ഇത് സാധിച്ചിരുന്നില്ല. ചില പണ്ഡിത്ർ ഒട്ടകമെന്നല്ല വടം എന്നതാണു ശരിയായ തർജ്ജിമയെന്നു വാദിക്കുന്നുണ്. നൂൽ മാത്രം കടക്കുവാൻ വീതിയുള്ള സൂചിക്കുഴയിലൂടെ വടം കടക്കുകയില്ല എന്നതാണ് അർത്ഥം എന്നു ഇവർ വാദിക്കുന്നു. ഇസ്രേയേലിന്റെ സാമൂഹിക സാംസ്കാരിക മണ്ഡ ലങ്ങളിൽ അസാധ്യവും കഠിനവുമായ കാര്യങ്ങളെ വിശേഷിപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന പഴഞ്ചൊല്ലുകൾ തന്റെ ആശയ മായ ധനവാനും സ്വർഗ്ഗരാജ്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സംവാദിക്കുന്നതിനായി വി. ലൂക്ക സുവിശേഷകൻ പരിശ്രമിക്കുന്നു.

നിത്യജീവൻ പ്രാപിക്കുവാൻ ധനമെല്ലാം ദരിദ്രർക്ക് ദാനം ചെയ്യണമോ? അങ്ങനെ ചെയ്യാത്തവർ നിത്യജീവന് അവകാശികളായി ഭവിക്കുകയില്ലയോ എന്ന ദൈവശാസ്ത്രപരമായ ചോദ്യം ഇവിടെ വളരെ പ്രബലമായ സംശയങ്ങൾ ഉയർത്തുന്നുണ്ട്. എന്നാൽ ഇവിടുത്തെ പ്രശ്നം പണമല്ല ദൈവത്തിനു കൊടുക്കേണ്ട സ്ഥാനം സമ്പത്തിനു കൊടുക്കുമ്പോൾ അതുമൂലമുണ്ടാകുന്ന മനേഭാവത്തിൽ നിന്നും ഉരുത്തിരിയുന്ന സഹോദരങ്ങളോടുള്ള ചൂഷണം എന്ന സ്വഭാവമാണ്. അന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ സമ്പന്നരെല്ലാ വരും ചൂഷകരായിരുന്നു.അതിനാൽ സമ്പന്നന്റെ പര്യായപദം ആയിരുന്നു ചൂഷകൻ. ഈ പശ്ചാത്തലത്തിലാണ് സമ്പന്നർ സ്വർഗ്ഗ രാജ്യം അവകാശമാക്കുകയില്ലയെന്ന് സുവിശേഷകൻ സമർത്ഥി ക്കുന്നത്.

## സന്ദേശം

Laudato si എന്ന ചാക്രിക ലേഖനത്തിൽ ഫ്രാൻസീസ് മാർപ്പാപ്പ സമ്പന്ന രാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്, ദാരിദ്രരാഷ്ട്രങ്ങളോടുള്ള നിങ്ങളുടെ ഗൗരവാഹമായ കടങ്ങൾ തിരിച്ചടയക്കുക. തുടർന്ന് മാർപ്പാപ്പ ഈ പ്രസ്താവനയുടെ യുക്തിയെക്കുറിച്ച് വിശദ്ധീകരിക്കുന്നു. മാർപ്പാപ്പ പറയുന്നു "എല്ലാ വസ്തുക്കളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരു മനുഷ്യന്റെ അനീതി മറ്റു മനുഷ്യരെ മാത്രമല്ല പ്രപഞ്ചത്തെ മുഴുവൻ ദുർബലപ്പെടുത്തുന്നു അവിടെ കേൾക്കുന്നത് പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും രോദനമാണ്."

ഇന്നത്തെ സുവിശേഷ ഭാഗത്തെ ഈ ഒരു കണ്ണാടിയിലൂടെ നോക്കികാണുമ്പോൾ ധനികനായ യുവാവിനോട് യേശു പറയുന്ന വാക്കുകളുടെ വർത്തമാന പ്രസക്തിയുടെ ചുരുളുകൾ അഴിയും. സാമൂഹ്യ-സാമ്പത്തിക ശ്രേണിയിലെ ഏറ്റക്കുറച്ചിലുകളും, അവ സൃഷ്ടിക്കുന്ന പ്രതിസന്ധികളും നമുക്ക് സുപരിചിതമാണ്. ഇവയക്കുപുറമേ മനുഷ്യ നിർമ്മിതമായ വിവിധ പ്രതിസന്ധികളുടെ ആദ്യ ഇരകൾ ദരിദ്രരായ മനുഷ്യരാണ്.

ദരിദ്രർ പരസ്പരം ബന്ധിതരായ മനുഷ്യ ശൃഖലയിലെ കണ്ണികളാണ്. ഈ ശൃഖലയിൽ മനുഷ്യർ മാത്രമല്ല മണ്ണും മരവും മൃഗങ്ങളും എല്ലാം ഉൾപ്പെടുന്നു. ഈ ശൃഖലയുടെ സന്തുലിതാവസ്ഥയാണ് ലോകത്തിന്റെയും മനുഷ്യരാശിയുടെയും നിലനിൽപ്പിന്റെ അടിസ്ഥാനം. ലേവ്യർ 25:10 ഇങ്ങനെ വായിക്കുന്നു, 'അൻപതാം വർഷം ജൂബിലി വർഷമായിരിക്കണം. ഓരോരുത്തർക്കും അവരുടെ സ്വത്ത് തിരികെ ലഭിക്കണം.' ജൂബിലി വർഷം, സാമ്പത്തികമായിട്ടുള്ള എറ്റക്കുറച്ചിലുകൾ ഇല്ലാതാക്കിയിരുന്ന സമ്പത്തിന്റെ ദൈവശാസ്ത്രത്തെയാണ് പഴയ നിയമം അവതരിപ്പിക്കുന്നത്. സന്തുലിതമായ സാമ്പത്തിക സാമൂഹ്യ അവസ്ഥ ജൂബിലി വർഷത്തിൽ വീണ്ടും നാമ്പിടുന്നു.

ഇന്ന് നിലനിൽക്കുന്ന സാമ്പത്തിക ചൂഷണ സമ്പ്രദായത്തിൽ ഇങ്ങനെയൊരു സാമ്പത്തിക സമതുലിതാവസ്ഥ പുനർസ്ഥാപിക്കുവാനും അത് നിലനിർത്തുവാനും കടമയുണ്ടെന്നാണ്, 'നിനക്കുള്ളതെല്ലാം ദരിദ്രർക്ക് കൊടുക്കുക' എന്നതുകൊണ്ട് ക്രിസ്തു എന്താണ് വിവക്ഷിക്കുന്നത് എന്ന് സമർത്ഥിക്കുവാൻ സാധിക്കും. തിമോത്തി 6:9 ൽ പൗലോസ് ശ്ലീഹാ 'ധനവാന്മാർ ആകാൻ ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും മനുഷ്യനെ അധഃപതനത്തിലേക്കും

തള്ളിവിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു എന്നു പറയുന്നത്,' ക്രിസ്തുവിന്റെ സമ്പത്തിനോടുള്ള വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ്.

യേശു സമ്പത്തിനേക്കുറിച്ചും അത് ദരിദ്രർക്ക് കൊടുക്കണമെന്നു പറയുന്നതും മാനുഷിക മാനദണ്ഡമനുസരിച്ച് വളരെ വിചിത്രമായി തോന്നിയേക്കാം. സമ്പത്ത് ഇവിടെ ഒരു പ്രതീകമാണ്. ഇതിന്റെ അകപ്പൊരുൾ, നമ്മുടെയെന്നു നാം കരുതുന്നതെല്ലാം എല്ലാവരുടെയുമായി മാറുകയാണ്. നമ്മുടെ സ്വയ പ്രയത്നം കൊണ്ടു സമ്പാദിച്ചവപോലും, എന്റേതെന്നു അഭിമാനിക്കുന്നവയെല്ലാം ഇല്ലാത്തവനുമായി പങ്കുവെക്കുവാൻ നാം തയ്യാറാകണം. അങ്ങനെ പങ്കുവെക്കുമ്പോൾ മാത്രമാണ് എന്റെ അസ്ഥിത്വത്തിന് അർത്ഥം കൈവരുന്നതു അസ്ഥിത്വത്തിനുള്ള ഭീഷണികൾ കുറയുന്നതും മദർ തെരേസയുടെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്, നിങ്ങൾക്ക് സമാധാനമില്ലെങ്കിൽ അതിന്റെ കാരണം നിങ്ങൾ മറ്റുള്ളവരുമായി നിങ്ങളുടെ സമ്പാദ്യങ്ങൾ പങ്കുവെക്കാൻ മറന്നുപോയി എന്നതാണ്. ബുദ്ധൻ പറയുന്നത് ജീവിക്കുകയാണെങ്കിൽ ഊർജ്ജസ്വലനായ പുഴയെപ്പോലെ ജീവിക്കുക എന്നാണ്.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പങ്കുവയ്ക്കലിന്റെ മാതൃക ത്രിത്വരഹസ്യമാണ്. പ്രശസ്ത ദൈവശാസ്ത്രജ്ഞൻ കാൾ റാണർ പറയുന്നത് Immanent trinity is economic trinity, ഇതു വെളിപ്പെടുത്തുന്നത് അദ്ദേഹം പറയുന്നു 'പിതാവായദൈവം സ്വച്ഛമായി സ്വയം വെളിപ്പെടുത്തി തന്നിൽനിന്നും പുറത്തേക്കു വരുമ്പോൾ, അവിടെ ചരിത്രത്തിൽ ശരീരമുള്ള മനുഷ്യനായി ക്രിസ്തു അവതരിക്കുന്നു. പരിശുദ്ധാത്മാവാണു ഈ വെളിപ്പെടുത്തലിനെ അംഗീകരിക്കുവാൻ ലോകത്തെ പ്രാപ്തമാക്കുന്നത്.'

അതുകൊണ്ടു ത്രിത്വം സ്വയം വിട്ടുകൊടുക്കുന്നതാണ് മനുഷ്യാവതാരവും യേശുവിലൂടെ സംഭവിച്ച വീണ്ടെടുപ്പുമെല്ലാം. ദൈവം നമ്മോടു ഏറ്റവും വ്യക്തമായി സംവാദിക്കുന്നതു സ്വയം ശൂന്യവൽക്കരിക്കുന്നതിലൂടെയാണ്.

ധനികനായ യുവാവിനോടുള്ള യേശുവിന്റെ വാക്കുകൾ നമ്മേയും കൂടുതൽ ദൈവോന്മുഖരായി വളരുവാനും അപരനുവേണ്ടി നമ്മെത്തന്നെ വിട്ടുകൊടുക്കുവാനും നമ്മെ പ്രാപ്തരാക്കട്ടെ.

## സെപ്തംബർ 13 : തേജസ്ക്കരണത്തിനുശേഷം 6 – ാം ഞായർ

*ബ്രദർ സിറിൾ മൈക്കിൾ ഒ.ഐ.സി*

ലൂക്കോ 20:27–40; ഉൽപ 4:1–7; 1 ദിന 29:1–19; ഏശ 43:16–28; യാക്കോ 2:18–26; 2 കോരി 11:12–15; ലൂക്കോ 21:34–38

### പശ്ചാത്തലം

യേശു ജറുസലേമിൽ എത്തിച്ചേർന്നതിനു ശേഷമുള്ള സംഭവവികാസങ്ങൾ ലൂക്ക 20–ാം അദ്ധ്യായം മുതലാണ് രേഖപ്പെടുത്തിയിരിക്കുക. 21–ാം അദ്ധ്യായത്തിലെ സംഭവങ്ങൾ ദേവാലയത്തിനകത്തു വെച്ച് നടക്കുന്നതായാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. ദേവാലയ നാശത്തെപ്പറ്റി പ്രവചിച്ച് ആരംഭിക്കുകയും അവസാനം ജാഗരൂകരായിരിക്കുവിൻ എന്നാഹ്വാനം ചെയ്തുകൊണ്ടാണ് യേശു തന്റെ പ്രബോധനം അവസാനിപ്പിക്കുക.

### പ്രമേയം

മനുഷ്യപുത്രന്റെ വരവിനായി ഒരുവൻ തന്നെത്തന്നെ എങ്ങനെ ഒരുക്കണമെന്ന നിർദേശമാണ് സുവിശേഷഭാഗത്തിന്റെ പ്രമേയം.

### സന്ദേശം

#### 1. ഒരുക്കമുള്ളവരായിരിക്കുവിൻ

മനുഷ്യപുത്രന്റെ വരവിനായി ഒരുങ്ങിയിരിക്കുവാനുള്ള സന്ദേശം ഈ സുവിശേഷഭാഗം പകർന്നു നൽകുന്നു. യേശു നിന്റെ ജീവിതത്തിലേക്കു വരുമ്പോൾ അവനു പാർക്കുവാൻ തക്കവിധത്തിലുള്ള ജീവിത മാർഗ്ഗം, ജീവിതരീതി പാകപ്പെടുത്തിയെടുക്കണം. നിന്നോടു കൂടെയുള്ള യേശു സാന്നിധ്യത്തെ തിരിച്ചറിയുകയും അതിനോടുള്ള നല്ല പ്രതികരണവുമാണ് നിന്നെ സ്വർഗ്ഗരാജ്യത്തിന് യോഗ്യനാക്കിത്തീർക്കുന്നതും, ഒരുവനെ ഒരുക്കമുള്ളവനാക്കിത്തീർക്കുന്നതും. യേശുവിന്റെ ആഗമനത്തിന്റെ ലക്ഷ്യവും മാനവരെ, ലക്ഷ്യത്തിൽ (സ്വർഗ്ഗരാജ്യത്തിൽ) എത്തിക്കുകയെന്നതാണ്. അതുകൊണ്ട് ഒരുക്കമുള്ളവരായി ജീവിക്കണം.

## 2. ജീവിതവ്യഗ്രതകൾ മാറ്റിവെക്കണം

തിരുവചനം പറയുന്നു ജീവിതത്തിലെ വ്യഗ്രതകൾ, ആകുലതകൾ, മനസ്സിനെ ദുർബലമാക്കുമെന്ന്. ഇതു സാധ്യമാകുന്നത് ദൈവാശ്രയബോധം ജീവിത്തിൽ ആഴപ്പെടുമ്പോഴാണ്. നിന്നെ കാത്തിരിക്കുന്ന, അറിയുന്ന, ജീവിത പ്രാരാബ്ദങ്ങളിൽ അടുത്തറിഞ്ഞു സഹായിക്കുന്ന, ഒരു പിതാവിന്റെ സാന്നിധ്യം അനുഭവിക്കുമ്പോഴാണ് ജീവിതവ്യഗ്രകൾ മാറ്റിവെക്കാനാവുക. ആകാശത്തിലെ പറവകളെ നോക്കുവിൻ വിതക്കുന്നില്ല കൊയ്യുന്നില്ല അറപ്പുരകളിൽ ശേഖരിക്കുന്നില്ല, എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പരിപാലിക്കുന്നു. ഈ പരിപാലനയിലാണ് മനുഷ്യൻ ആശ്രയിക്കേണ്ടത്.

ആകുലതകൾ ഇല്ലാതെ ജീവിക്കുന്നവരാകണം. ടാഗോർ പറയുന്നതുപോലെ ഒരു ഇലയുടെ അറ്റത്തെ മഞ്ഞുതുള്ളിപോലെ നിങ്ങളുടെ ജീവിതകാലത്തിന്റെ വക്കത്ത് ലാഘവത്തോടെ നൃത്തം ചെയ്യണം. എന്നാൽ ആധുനിക മനുഷ്യൻ വ്യഗ്രതയുടെ സൃഷ്ടിയാണ്. ഇവിടെ അവൻ ദൈവത്തെക്കുറിച്ചോ, പ്രാർത്ഥിക്കുന്നതിനോ, അവനെപ്പറ്റി തന്നെയോ, ചിന്തിക്കുവാൻ തയ്യാറാവുന്നില്ല. അവനു ബന്ധങ്ങൾ വളർത്തുന്നതിനോ, കർത്താവിന്റെ വരവിനെപ്പറ്റി ചിന്തിക്കുന്നതിനോ ഒരുക്കമല്ല, ആകുല ചിന്തകളാണവന്റെ കൈമുതൽ. കാരണം ഇന്നിന്റെ കടമകളേക്കാൾ നാളേയുടെ ദുഃഖങ്ങളാണവന്റെ കൈമുതൽ. ഇവിടെയാണ് ജാഗ്രതയുടെ ആവശ്യം. ഉണർന്നിരിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കണം.

ഒരുക്കം, ജാഗ്രത രണ്ടും യേശുവിന്റെ രണ്ടാം വരവു പ്രതീക്ഷിച്ചിരിക്കുന്ന മാനവന് അത്യാവശ്യമാണ്. ജാഗ്രതയോടെ ഉണർന്നു, ഒരുക്കത്തോടെയായിരിക്കണം. ഈ ജാഗ്രതയും ഒരുക്കവുമാണ് നമ്മെ യഥാർത്ഥ ക്രൈസ്തവനാക്കുന്നത്. ഉണർന്നിരുന്ന പ്രവർത്തിക്കേണ്ട കാലഘട്ടമാണിത്. പ്രാർത്ഥനയിലും പ്രവർത്തനത്തിലും ഉണർവിന്റേയും ജാഗ്രതയുടേയും മനോഭാവം ഉള്ളവരായിരിക്കണം. അതിനായി ജീവിതത്തെ ഒരുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

## സെപ്തംബർ 14 : സ്ലീബാപ്പെരുന്നാൾ

*ബ്രദർ എബിൻ തോമസ് ഒ.ഐ.സി*

ലൂക്കാ 21:7–19; സംഖ്യ 21:4–9; ജോഷ്വാ 10:12–15; ഏശ 65:1–7; യാക്കോ 1:19–27; 1 കോരി 1:18–25; യോഹ 3:13–21

### പശ്ചാത്തലം

യേശുവിന്റെ ദേവാലയ ശുദ്ധീകരണത്തിനുശേഷം യഹൂദപ്രമാണികളിൽ പലർക്കും യേശുവിൽ ഇടർച്ച തോന്നിയിരുന്നു. ഈ അവസരത്തിലാണു യഹൂദജനത്തിലെ മാന്യൻമാർ എന്നുവിശേഷണമുള്ള ഫരിസേയ ഗണത്തിൽപ്പെട്ട ആളായ നിക്കോദേമോസ് രാത്രിയിൽ യേശുവിന്റെ അടുക്കലേക്കുവരുന്നത്. നിക്കോദേമോസിന്റെ സംശയങ്ങൾക്കു യേശു മറുപടി നൽക്കുന്നതാണു പശ്ചാത്തലം.

### പ്രമേയം

ലോകത്തിന്റെ രക്ഷയ്ക്കായി പിതാവായ ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയച്ചു. (യോഹ. 3:16) ദൈവപുത്രനായ യേശു തന്റെ ക്രൂശുമരണം വഴി നമുക്കു രക്ഷ നേടിതന്നു. അതിനാൽ കുരിശു രക്ഷയുടെയും പ്രത്യാശയുടെയും അടയാളമാണ്. ഈ പ്രത്യാശയുടെ അനുഭവത്തെ കുരിശിൽ എന്നും കാണാൻ സാധിച്ചാൽ മാത്രമെ ജീവിതത്തിലെ അസംതൃപ്തിയും അർത്ഥശൂന്യതയും മാറുകയുള്ളു.

### വിചിന്തനം

ആരാധനക്രമവത്സരത്തിലെ അവസാനത്തെ കാലമായ സ്ലീബാക്കാലത്തിന്റെ ആരംഭമാണിന്ന്. ഈ കാലയളവിൽ തിരുസഭ രക്ഷയുടെ അടയാളമായ കുരിശിന്റെ രഹസ്യത്തെ ആഴമായ് ധ്യാനിക്കുവാനും കുരിശിൽ കൂടുതൽ അഭയപെടാനും നമ്മെ ഓർമ്മിപ്പിക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ, നാലാം നൂറ്റാണ്ടിൽ ഹെലേന രാജ്ഞി മുഖാന്തരം കുരിശിനെ കണ്ടെത്തിയ ദിവസമാണിന്ന്. വി. കുരിശിനെ ബഹുമാനിക്കുകയും അതിൽ ആശ്രയം അർപ്പി ക്കുകയും

ചെയ്തതുമൂലം കുസ്തന്തീനോസ് രാജാവിനു ലഭിച്ച രക്ഷയുടെയും പ്രത്യാശയുടെയും അനുഭവ ത്തിലേയ്ക്കു സഭാമക്കൾ ഓരോരുത്തരും കടന്നുവരാൻ തിരുസഭ ഈ പെരുന്നാളിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു. തിരുസഭാമാതാവ് നമ്മുടെ വിചിന്തിനത്തിനായി നല്കി യിരിക്കുന്ന വചനഭാഗം വിശുദ്ധ യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം 13 മുതൽ 21 വരെയുള്ള തിരുവചനങ്ങളാണ്. മോശ മരുഭൂമി യിൽ പിച്ചളസർപ്പത്തെ ഉയർത്തുന്ന പഴയനിയമഭാഗത്തെ യേശു പരാമർശിക്കുന്ന സുവിശേഷഭാഗമാണിത്.

സംഖ്യാപുസ്തകം 21-ാം അദ്ധ്യായം 1-9 വരെയുള്ള വാക്യങ്ങളിൽ ഹോർമലയിൽ നിന്ന് ചെങ്കടലിലേക്കുള്ള വഴി മദ്ധ്യേ അക്ഷമരായ ജനങ്ങൾ ദൈവത്തിനും മോശയ്ക്കുമെതിരായി പിറുപിറുക്കുന്ന സംഭവം നാം വായിക്കുന്നു. കർത്താവ് അവരുടെ അടുക്കലേക്ക് ആഗ്നേയസർപ്പങ്ങളെ അയയ്ക്കുകയും കുറെപ്പേർ സർപ്പദംശനമേറ്റു മരണമടയുകയും ചെയ്യുന്നു. എന്നാൽ, ജനത്തിന്റെയും മോശയുടെയും അപേക്ഷപ്രകാരം, ദൈവം പരിഹാരം നല്കുന്നു. പിച്ചള സർപ്പത്തെ ഉയർത്തുക. അതിലേക്കു നോക്കുന്നവർ ജീവിക്കും. പഴയനിയമത്തിലെ സംഭവത്തിൽ നാം ദർശിക്കുക, അഞ്ചു കാര്യങ്ങളാണ്. ജനം പിറുപിറു ക്കുന്നു, ദൈവം അവരെ ശിക്ഷിക്കുന്നു, തുടർന്നു ജനം കരുണയ പേക്ഷിക്കുന്നു, ദൈവത്തിനു അനുകമ്പ തോന്നുന്നു, പ്രത്യാശയുടെ അടയാളം നൽകുന്നു. ഇപ്രകാരമൊരു തുടർച്ച എല്ലായിടത്തും, ബൈബിളിൽ ഉടനീളം കാണുവാൻ സാധിക്കും. ബൈബിളിന്റെ പൊതുവായ ഘടനയും സന്ദേശവും പുരോഗമിക്കുന്നതു ഇപ്രകാരം തന്നെയാണ്. ദൈവത്തിന്റെ പദ്ധതിയിൽ സംതൃപ്തി ലഭിക്കാത്തതു മൂലമുള്ള പ്രവർത്തനത്തിൽ നിന്നും ശിക്ഷയേൽക്കേണ്ടിവരുന്ന ജനം. എന്നാൽ അനുകമ്പാർദ്രനായ ദൈവം "തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം അത്രയധികമായി സ്നേഹിച്ചിരുന്നു." കുരിശി ലൂടെ രക്ഷ നൽകുന്നു. രക്ഷാകരചരിത്രത്തിൽ കുരിശ് പ്രത്യാശയുടെ അടയാളമായി നാട്ടുന്നു.

മരുഭൂമിയിലെ ഈ അനുഭവത്തിനു കാരണമായി വേദപുസ്തകം പറയുന്നത് "അവർ പിറുപിറുത്തു" എന്നാണ്. ഒരുവൻ പിറുപിറുക്കുന്നത് എപ്പോഴും അസംതൃപ്തി ഉണ്ടാകുമ്പോളാണ്. ഇസ്രായേല്യർക്കു ദൈവത്തിന്റെ സംരക്ഷണത്തിൽ വിശ്വാസം ഇല്ലാതെ വന്നപ്പോളാണ് അസംതൃപ്തി തോന്നിയത്. അതുവരെ അവർ കേട്ടതും അറിഞ്ഞതുമായ

ദൈവപരിപാലനയുടെ പൊരുൾ ഭോഷത്തമായി തോന്നി. ഇതാണ് അവരുടെ നാശത്തിന്റെ തുടക്കം. കുരിശ്ശിന്റെ ശക്തിയിൽ അല്ലെങ്കിൽ കുരിശു നൽകുന്ന രക്ഷയിൽ വിശ്വാസം ഇല്ലാത്തവരുടെയും അനുഭവം ഇതാണെന്നാണ് വി. പൗലോസ് പറയുന്നത്. നാശത്തിലൂടെ ചരിക്കു ന്നവർക്ക് കുരിശ് ഭോഷത്തമാണ് (1 കോരി 1:18). ഇന്നത്തെ വചനഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നതു ദൈവത്തിന്റെ ശക്തിയായ കുരിശിൽ ആഴമായ് വിശ്വസിക്കാനാണ്. ദൈവം നമ്മെ വിട്ടുകളയാൻ താത്പര്യ മില്ലാത്തവനാണ്. ദൈവം നമ്മെ സ്വീകരിക്കാൻ ഇരുകരങ്ങളും വിരിച്ചുപിടിച്ചിരിക്കുകയാണ് (ഏശയ്യാ 65:2).

അസംതൃപ്തികളിൽ നിന്നും പ്രത്യാശയിലേക്കുള്ള ഒരു വളർച്ച നമ്മുടെ ജീവിതങ്ങളിലും ഉണ്ടോ എന്നാണു നാം പരിശോധിക്കേണ്ടത്. നിസ്സാര കാര്യങ്ങളിൽപോലും അസംതൃപ്തിയോടെ പിറുപിറുക്കുന്ന സ്വഭാവം പഴയ ഇസ്രായേലിനെപോലെ നമുക്കും പലപ്പോഴും ഉണ്ടാ കാറുണ്ട്. എന്നാൽ തെറ്റിനെ മനസ്സിലാക്കി, കുരിശിന്റെ പ്രത്യാശയിൽ എല്ലാം നന്മയ്ക്കായി ഭവിക്കുവാൻ സാധിക്കുകമെന്നു വിശ്വസിക്കാം. അസംതൃപ്തിയുണ്ടാവുക വിശ്വാസം കെടുമ്പോഴാണ്. പ്രത്യാശ നശിക്കുമ്പോഴാണ്. എന്നാൽ വിശ്വസിക്കുമ്പോൾ, പ്രത്യാശിക്കുമ്പോൾ കുരിശിന്റെ അർത്ഥം പൂർണ്ണമാകുന്നു. "തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകേണ്ടതിനു" (യോഹ 3:16) യേശു കുരിശിൽ മരിച്ചു. വിശ്വാസത്തോടെ പിച്ചളസർപ്പത്തെ നോക്കിയവർ ജീവിച്ചു. നമ്മുടെ യും ജീവിതത്തിൽ വിശ്വാസത്തോടെയും പ്രത്യാശയോടെയും കുരിശി ലേക്കു നോക്കാം. കുരിശു നൽകുന്ന രക്ഷയുടെ ഉറപ്പിൽ സംതൃപ്തി നേടാൻ പരിശ്രമിക്കാം.

## സെപ്തംബർ 20 : മലങ്കര പുനരൈക്യദിനം

*ബ്രദർ ജിയോ പോൾ ഒ.ഐ.സി*

### പശ്ചാത്തലം

യോഹന്നാന്റെ 17-ാം അദ്ധ്യായം 1 മുതൽ 27 വരെയുള്ള വാക്യങ്ങൾ ക്രിസ്തുവിന്റെ വിടവാങ്ങൽ പ്രാർത്ഥനയാണ്. ഈ ഭാഗത്തെ മൂന്നായി തിരിക്കുന്നു.

(1) ഈശോ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

(2) ശിഷ്യന്മാർക്കുവേണ്ടി

(3) എല്ലാ വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

### പ്രമേയം

മൂന്നാം ഭാഗമാണു നാം വിചിന്തനത്തിനു വിധേയമാക്കുക. ''അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുന്നതിന് അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു'' (യോഹ. 17:21).

### വിചിന്തനം

### ആമുഖം

അനുസരണക്കേടുമൂലം ദൈവികക്രോധത്തിനു പാത്രമായി തീർന്ന ദൈവികപറുദീസയായ ഏദനിൽ നിന്നു പുറത്താക്കിയ ആദത്തെയും അവന്റെ സന്തതിയെയും മോചിപ്പിക്കാനായി ആദാമിന്റെ സന്തതികളിലൊരുവനായി ജനക്കുകയും തന്റെ ആത്മബലിയർപ്പണം വഴി ആദത്തെയും അവന്റെ സന്തതിയെയും ദൈവവുമായ രഞ്ജിപ്പിക്കുകയും, അതുവഴി ഭൂമിയും സ്വർഗവുമായുള്ള ബന്ധം വീണ്ടെടുത്ത ക്രിസ്തുവിന്റെ ജീവിതം അനുകരിക്കുകയും സ്വംശീകരിക്കുകയും ചെയ്ത പിതാവ്, തന്റെ ദൗത്യനിർവഹണത്തിനായി മാതൃസഭയിൽ നിന്നും വേർപിരിഞ്ഞ മലങ്കര ക്രിസ്ത്യാനികളിലൊരുവനായി ജനിക്കുകയും അതിനുശേഷം മലങ്കരസഭയെ മാതൃസഭയുമായി രഞ്ജിപ്പിച്ച്, മലങ്കരയും റോമുമായുള്ള പുനരൈക്യം സാധിതമാക്കിതീർത്തു.

അവസാന നിമിഷത്തിൽ കൂടെനിന്നവർ പോലും ഉപേക്ഷിച്ചിട്ടും ഒട്ടും നഷ്ടധൈര്യനാകാതെ നേടിയതെല്ലാം ഉപേക്ഷിച്ച് യഥാർത്ഥ ആത്മ പരിത്യാഗത്തിന്റെ മൂർത്തീഭാവമായി നിലകൊണ്ടു. ക്രിസ്തു സാധിച്ച പുനരൈക്യവും മാർ ഈവാനയോസ് പിതാവിലൂടെ നമുക്കു ലഭിച്ച പുനരൈക്യവും കടലിലെ ജലവും കൈക്കുമ്പിളിലെ ജലവും തമ്മി ലുള്ള അന്തരം ഉണ്ടെങ്കിലും അവ സാരാംശത്തിൽ ഒന്നു തന്നെ.

### 1. യേശു: ഒന്നാകുക

യോഹന്നാന്റെ 17-ാം അദ്ധ്യായത്തിലെ പ്രാർത്ഥന യേശു തന്റെ ശിഷ്യരുമായി അന്ത്യ അത്താഴ സമയത്തു നടന്നതായിട്ടാണു സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രാർത്ഥനയുടെ അർത്ഥം മനസിലാകണമെങ്കിൽ 12-ാം അദ്ധ്യായം മുതൽ വായിക്കേണ്ട തായിട്ടുണ്ട്. യേശുവിന്റെ രാജകീയ പ്രവേശനത്തിനുശേഷം, 13-ാം അദ്ധ്യായത്തിൽ യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നതായി നാം കാണുന്നു. കാരണം പാലസ്തീനായിൽ പൊതുവെ കാണപ്പെട്ടിരുന്നതു പൊടി നിറഞ്ഞ ചെങ്കൽ മണ്ണായിരുന്നു തന്മൂലം വേനകാലത്തു പൊടി പറ്റുക സ്വാഭാവികമാണ്. അതിനാൽ തന്നെ ഏതൊരു യഹൂദഭവന ത്തിന്റേയും പൂമുഖവാതിൽക്കൽ ഒരു കൽഭരണി നിറയെ വെള്ളം വച്ചിരിക്കും ഇതു ഭവനത്തിൽ വരുന്ന വ്യക്തി കാൽ കഴുകി അകത്തു പ്രവേശിക്കുന്നതിനുവേണ്ടിയാണ്.

യേശുവും ശിഷ്യന്മാരും ഭക്ഷണത്തിനായി പ്രവേശിച്ച ഭവനത്തിലും കൽഭരണി ഉണ്ടായിരുന്നു. സാധാരണയായി ഏതാനും പേർ ഒരുമിച്ചു പ്രവേശിക്കുമ്പോൾ കൂട്ടത്തിലുള്ള ഒരുവൻ വന്നു മറ്റുള്ളവർക്കു കാലിൽ വെള്ളം ഒഴിച്ചു കൊടുക്കും. ഇത്തരത്തിലുള്ള വ്യക്തി കൂട്ടത്തിലെ ഏറ്റവും ചെറിയവനായിരിക്കും. എന്നാൽ യേശു വും ശിഷ്യന്മാരും ഭവനത്തിൽ പ്രവേശിച്ചുവെങ്കിലും ആരും ആരുടെ യും കാലിൽ വെള്ളം ഒഴിച്ചു കൊടുത്തില്ല. അവരിലെല്ലാവർക്കും ഗുരു വായ യേശുവിന്റെ കാലിൽ വെള്ളം ഒഴിക്കുവാൻ ആഗ്രഹം ഉണ്ടായിരി ക്കണം. എന്നാൽ, ഗുരുവിന്റെ കാൽ കഴുകുന്ന ശിഷ്യൻ ഗുരു ഭവന ത്തിൽ പ്രവേശിച്ചാലും താൻ ഏറ്റെടുത്ത ജോലി യിൽ നിന്നും പിന്തിരി യുക സാധ്യമല്ലായിരുന്നു. ബാക്കിയുള്ളവരുടേയും സ്വന്തം കാലും കഴുകിയ ശേഷം മാത്രമേ ഭവനത്തിൽ പ്രവേശിക്കുവാൻ അവനു സാധി ക്കുകയുള്ളു. ഇത്തരത്തിൽ ഏറ്റവും ഒടുവിൽ പ്രവേശിക്കുന്ന ശിഷ്യൻ ഏറ്റവും താണവനായി പരിഗണിക്കപ്പെടുന്നു. അത്തരത്തിൽ താണവ

നായി ഗണിക്കപ്പെടാൻ ഇഷ്ടമല്ലാത്ത ശിഷ്യന്മാർ ഗുരുവിന്റെ പാദം കഴുകാനുള്ള മര്യാദ കാണിക്കാതെ തിടുക്കത്തിൽ ഭവനത്തിൽ പ്രവേശിക്കുകയായിരുന്നു. എന്തുകൊണ്ടാണ് അവർ ഇപ്രകാരം മര്യാദ കാണിക്കാത്തത് എന്ന് സമാന്തരസുവിശേഷങ്ങൾ കൂട്ടിചേർത്തു വായിക്കുമ്പോൾ നമുക്കു മനസിലാകും. പെസഹാ ഭക്ഷണത്തിനു പോകുന്ന വേളയിലാണു തങ്ങളിൽ ഏറ്റവും വലിയവൻ ആരെന്നു ചൊല്ലി തർക്കിക്കുന്ന ശിഷ്യരെ നാം കാണുന്നത്. യേശു വിന്റെ മരണത്തിന്റെ വേളയിൽ തങ്ങളുടെ ശ്രേഷ്ഠതയെ ചൊല്ലി തർക്കിക്കുന്നതിന്റെ കാരണം പൗരസ്ത്യരാജ്യങ്ങളിൽ സാധാരണയായി വിരുന്നു മേശയിൽ വച്ചായിരുന്നു പല പ്രഖ്യാപനങ്ങളും നടത്തി യിരുന്നത്. ആയതിനാൽ ശിഷ്യന്മാർക്കറിയാമായിരുന്നു ജറുസലേമിലെ പെസഹാ ഭക്ഷണം യേശുവിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണെന്ന്. യേശു തന്റെ മഹത്വീകരണത്തെപ്പറ്റി പല പ്രാവശ്യം ഇതിനോടകം സംസാരിച്ചിരുന്നു. എന്നാൽ, ശിഷ്യന്മാർ മനസിലാക്കിയത് ദാവീദിന്റെ സിംഹാസനത്തിന്റെ പുനസ്ഥാപനമാണ്. ഇത്തരത്തിലുള്ള പ്രഖ്യാപനം പെസഹായ്ക്കുണ്ടാകുമെന്നും ഓരോരുത്തരെയും സാമ്രാജ്യത്തിന്റെ അധിപന്മാരായി നിയമിക്കുമെന്നും കരുതിയിരിക്കുന്ന ശിഷ്യന്മാരെ നാം സുവിശേഷത്തിൽ കാണുന്നു.

ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഒന്നാകുവാനുള്ള പ്രാർത്ഥന യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്. പിതാവും യേശുവും ഒന്നാകുന്നതുപോലെ പരിശുദ്ധ ത്രിത്വം ഒന്നാകുന്നതുപോലെ ശിഷ്യന്മാരെ യും ഒന്നിപ്പിക്കണമേയെന്നു യേശു പ്രാർത്ഥിക്കുന്നു. യേശുവിന്റെ കാലം മുതൽ ചരിത്രം ഇന്ന് എത്തിനിൽക്കുന്നിടം വരെ അധികാരത്തിനും സ്വാർത്ഥമോഹങ്ങൾക്കുമായി വിഭജിക്കുന്ന സഭാഗാത്രങ്ങളെ നാം കാണുന്നു. മലങ്കര സഭാചരിത്രം തന്നെ ഉദാത്ത ഉദാഹരണമാണ്. കൂനൻ കുരിശിൽ തുടങ്ങി ഇന്നു വരെ കലഹിച്ചും വഴക്കിട്ടും മുറിഞ്ഞുപോയ ബന്ധങ്ങളെ മുമ്പേതന്നെ കണ്ടുകൊണ്ടായിരുന്നു യേശുവിന്റെ ഒന്നാകുവാനുള്ള പ്രാർത്ഥന. ഈ പ്രാർത്ഥനയുടെ, ഈ ആഹ്വാനത്തിന്റെ പ്രായോഗികതലമാണു മാർ ഈവാനിയോസ് പിതാവിലൂടെ മലങ്കര കത്തോലിക്ക മക്കളായ നമുക്കോരോരുത്തർക്കും ലഭിച്ചത്.

## 2. പുനരൈക്യം: ഒന്നായി തീരൽ

സഭാചരിത്രത്തിൽ ഒന്നാം മാർതോമ്മാ മുതലുള്ള പുനരൈക്യ ശ്രമങ്ങൾ മാർ ഈവാനിയോസിൽ പൂവണിഞ്ഞപ്പോൾ ക്രിസ്തുവിന്റെ

ഒന്നാകുവാനുള്ള പ്രാർത്ഥനയുടെ പ്രാവർത്തികതലമാണു നാം കാണുന്നത്. അതിനാലാണു മാർ ഈവാനിയോസ് തന്റെ മരണ നേരത്ത് ഇപ്രകാരം പ്രാർത്ഥിക്കുന്നത് ''മരണാനന്തരം ഞാൻ സ്വർഗ്ഗത്തിലിരുന്ന് എന്റെ അകത്തോലിക്കാ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും''. അധികാരത്തിന്റെ വമ്പോ, സ്വാർത്ഥ താൽപ്പര്യമോ ഇല്ലാതെ എല്ലാവരും ഒന്നായി, ഒരിടയനും ഒരു തൊഴുത്തും എന്ന സ്വപ്ന സാക്ഷാത്ക്കാര ത്തിനായിട്ടുള്ള പിതാവിന്റെ ആഗ്രഹമാണ് നാം ഇവിടെ കാണുക.

പിതാവ് ഒരോ മലങ്കരമക്കളോടും പറയുക ''നിങ്ങൾ കത്തോലി ക്കരായി തീർന്നതിൽ അഭിമാനം കൊള്ളുവിൻ നിങ്ങളുടെ ജീവിത വിശുദ്ധിയും സത്മാതൃകകളും കൊണ്ടു അകത്തോലിക്കാ സഹോദര ങ്ങൾക്കു മാതൃകയാകുവിൻ''. മാതൃകായോഗ്യമായ ജീവിതസാക്ഷ്യ ത്തിനാണു മലങ്കര കത്തോലിക്കർ വിളിക്കപ്പെട്ടിരിക്കുന്നത്. അതുവഴി ഫലം ചൂടി അതിർവരമ്പുകൾ കാണാത്തതരത്തിലായി തീരുവാൻ നമുക്കു കഴിയണം. നമ്മുടെ മുമ്പിലുള്ള വെല്ലുവിളി മലങ്കര കത്തോലി ക്കനായ ഞാൻ വരും തലമുറയ്ക്ക് ഒരു പ്രചോദനമാണോ? മാതൃക യാണോ? എങ്കിലേ പുനരൈക്യത്തിന്റെ സന്ദേശം നമുക്കു കൈമാറാൻ കഴിയൂ.

ക്രിസ്തുവെന്ന നസ്രായനിൽ വിശ്വസിക്കുന്നവർ 102 കോടി കത്തോലിക്കർ മാത്രം. മാർ ഈവാനിയോസിന്റെ വ്യക്തിപ്രാഭവം കണ്ട്, ജീവിത വിശുദ്ധികണ്ട് പുനരൈക്ക്യപ്പെട്ടവർ വളരെയേറെയാണ്. പ്രഗത്ഭനായ മാർ സേവേറിയോസ് പിതാവ് ഒരു ഉദാഹരണം മാത്രം. എനിക്കെങ്ങനെ ഈ വിശ്വാസം കൈമാറ്റം ചെയ്യുവാൻ സാധിക്കും എന്നുള്ളതാണു നമ്മുടെ മുമ്പിലുള്ള ചോദ്യം. അതിനുത്തരം നമ്മുടെ ജീവിതത്തിൽ നിന്നു നൽകുകയും വേണം. ഇതാണു മലങ്കര കത്തോലി ക്കന്റെ വിളിയും നിയോഗവും.

## ഉപസംഹാരം

ആഗോള സഭാ കൂട്ടായ്മയിലേക്കുള്ള 'വീണ്ടും ഐക്യപ്പെട ലിന്റെ' സ്മരണ പുതുക്കുകയാണ് ഓരോ പുനരൈക്യ ദിവസത്തിലും. അധികാരത്തിനായി, സ്വാർത്ഥ താൽപ്പര്യത്തിനായി അടികൂടുന്നവരുടെ മുമ്പിൽ ഒരിടയനും ഒരു തൊഴുത്തും എന്ന വലിയ സന്ദേശവാഹക രാകുവാൻ നമ്മുടെ ജീവിത മാതൃകകളും വ്യക്തിസാക്ഷ്യവും കൊണ്ടു കഴിയട്ടെ.

## സെപ്തംബർ 27: സ്ലീബാപെരുന്നാളിനുശേഷം 2-ാം ഞായർ

*ബ്രദർ ബോണിഫസ് ഒ.ഐ.സി*

ലൂക്കോ 10:25-37; നിയമാ 6:1-15; സുഭാ 3:25-35; ഏശ 48:12-16; യാക്കോ 2:18-26; റോമ 15:1-6; ലൂക്കോ 16:19-31

**പശ്ചാത്തലം**

ലൂക്കാ സുവിശേഷകൻ യേശുവിന്റെ ജറുസലേമിലേക്കുള്ള യാത്രാവേളയിലാണു യേശുവിന്റെ പഠിപ്പിക്കലുകൾ അവതരിപ്പിക്കുക. ഇതിൽ 13-ാം അദ്ധ്യായം മുതൽ 17-ാം അദ്ധ്യായത്തിന്റെ 10-ാം വാക്യം വരെ ക്രിസ്തുവിന്റെ വിരുന്നിൽ പങ്കുപറ്റുന്നവരെയാണ് പ്രതിപാദിച്ചിരിക്കുന്നത്. ലോകദൃഷ്ടിയിൽ ധനവാൻമാരാകുന്നവർ ദൈവദൃഷ്ടിയിൽ ദരിദ്രരാണെന്നാണ് വി. ലൂക്ക സുവിശേഷകൻ ഈ ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നുത്. അതുപോലെ സുവിഷേകൻ 15-ാം അദ്ധ്യായത്തിൽ, കാണാതായ ആടിന്റെയും, നാണയത്തിന്റെയും, ധൂർത്തപുത്രന്റെയും ഉപമയിലൂടെ അവതരിപ്പിച്ചിരിക്കുന്നത് തേടിപോകുന്ന ദൈവത്തെയാണ്. എന്നാൽ 16-ാം അദ്ധ്യായത്തിൽ വ്യക്തികളുടെ കടമയെ വിവരിക്കുന്ന ഉപമകൾ നാം കാണുന്നു. രണ്ട് അദ്ധ്യായങ്ങളേയും യോജിപ്പിച്ചുകൊണ്ടുള്ള പ്രായോഗിക ഉപദേശം, 17-ാം അദ്ധ്യായത്തിൽ ലൂക്കാ വിവരിച്ചിരിക്കുന്നു.

**പ്രമേയം**

ദൈവത്തിന്റെ ദാനമാണു സമ്പത്ത്. സമ്പത്തുള്ളവന്റെ ഉത്തരവാദിത്തം ആവശ്യക്കാരനെ സഹായിക്കുക എന്നതാണ്.

**വിചിന്തനം**

പഴയനിയമത്തിൽ സീനായ് ഉടമ്പടിയോടെ ഇസ്രായേൽ ജനത്തെ ദൈവത്തിന്റെ ജനമായി യഹോവ ദത്തെടുക്കുന്നു. അതുവഴി ദൈവജനം അനുഷ്ഠിക്കേണ്ട കാര്യങ്ങൾ വിവിധ നിയമങ്ങൾ വഴി അവരെ ഏൽപ്പിച്ചു. (നിയ. 12:26; ലേവ്യ 17:26; പുറ. 34:10-26) ഈ വേദ ഭാഗങ്ങളിലെല്ലാം ഒരുവൻ ചെയ്യേണ്ട കടമകളെപ്പറ്റി വിവരിച്ചിരിക്കുന്നു.

‘‘അവിടുന്ന് അനാഥർക്കും വിധവകൾക്കും നീതി നടത്തികൊടുക്കുന്നു. ഭക്ഷണവും വസ്ത്രവും നൽകി പരദേശിയെ സ്നേഹിക്കുകയും ചെയ്യുന്നു’’ (നിയ. 10:18,19). ആവശ്യക്കാരന്റെ ആവശ്യം നിറവേറ്റുവാൻ ഓരോ ഇസ്രായേൽക്കാരും കടപ്പെട്ടിരിക്കുന്നു. എന്നാൽ ഇവ ചെയ്യാതിരിക്കുമ്പോഴാണ് ശിക്ഷക്കു നാം കാരണക്കാരാകുന്നതെന്ന് പഴയനിയമപുസ്തകത്തിലുടനീളം പരാമർശിച്ചിരിക്കുന്നു.

പുതിയനിയമത്തിലെ പഠിപ്പിക്കലുകൾ ഇതിൽനിന്നും വ്യത്യസ്തമല്ല, പിന്നയോ പഴയനിയമത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമം. ഭൗതികമായ നീതിനിർവഹണത്തെപ്പറ്റി പഴയനിയമ ത്തിൽ പറയുമ്പോൾ, ഓരോരുത്തരുടെയും ഉത്തരവാതിത്വമെന്നത് അപരന്റെ ജിവതത്തിലെ ആവശ്യം നിറവേറ്റാനാണന്ന് യേശുനാഥൻ ഉദ്ബോധിപ്പിക്കുന്നു (മത്താ. 5:40-42; 43-49).

ഇന്നത്തെ ഉപമയിൽ ധനവാന്റെ തെറ്റ് എന്താണ്? യഹൂദർ ചെയ്യുന്ന എല്ലാ നല്ല പ്രവൃത്തികളും അവനും ചെയ്യുമായിരുന്നു. നിയമങ്ങൾ പാലിക്കുന്നവനായിരുന്നു. ദേവാലയത്തിൽ പോകുന്ന വനായിരുന്നു, പ്രാർത്ഥിക്കുന്നവനായിരുന്നു, ദശാംശം കൊടുക്കുന്ന വനായിരുന്നു. പിന്നെ എന്താണു ധനവാന്റെ തെറ്റ്? ഒരു യഹൂദൻ നിർവ ഹിക്കേണ്ട കടമ നിർവഹിക്കാത്ത ഒരു ധനികനെയാണു നാം ഇന്നത്തെ സുവിശേഷത്തിൽ കാണുക. അതായത് ചെയ്യേണ്ട നന്മകൾ ചെയ്യാതെ പോകുന്ന യഹൂദർ ആവശ്യക്കാരന്റെ നേരെ കണ്ണടച്ച് കടന്നു പോകുന്ന യഹൂദരെ നാം സുവിശേഷത്തിൽ കാണ്ടുമുട്ടുന്നു. ക്രിസ്തു അവരെ പലപ്പോഴും കപടനാട്യക്കാരെയെന്നും വെള്ളയടിച്ച കുഴിമാടങ്ങളെ ന്നുമാണ് വിശേഷിപ്പിച്ചത്. ഇന്നത്തെ ഈ ഉപമയിൽ ശ്രദ്ധേയമായ വാക്യമാണ് അവന്റെ ‘പടിവാതിൽക്കൽ’ (16:20). ദിനവും ധനികനായ മനുഷ്യൻ കടന്നുപോകുന്ന വഴിയിൽ തന്നെയായിരുന്നു ദരിദ്രനായ ലാസർ കിടന്നിരുന്നത്. അവനെ ഒന്നു ശ്രദ്ധിക്കാൻ കഴിയാത്ത ധനികൻ. സുവിശേഷകൻ ദരിദ്രന് ലാസർ എന്ന പേരാണു നൽകിയിരിക്കുന്നത്, എന്നാൽ ധനവാനു പേരു നൽകിയിട്ടുമില്ല. കാരണം നീതിമാന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടുകയുള്ളു. അതുകൊണ്ട് ഇവിടെ ലാസറിനെ നീതിമാനായിട്ടും ധനികനെ നീതിരഹിതനുമായിട്ടാണ് അവത രിപ്പിക്കുന്നത്, അതിനു കാരണം അവൻ ചെയ്യേണ്ടതു ചെയ്യാതിരുന്ന തിനാലാണ്.

## പങ്കുവയ്ക്കലിന്റെ ജീവിതം

സ്വാർത്ഥതയുടെ ഈ ലോകത്തു സുവിശേഷം ഉയർത്തുന്ന വെല്ലുവിളി നിസ്വാർത്ഥ സേവനത്തിന്റെയും, പടിവാതിൽക്കൽ ആയിരിക്കുന്നവന്റെ ആവശ്യങ്ങളിലേക്ക് ഇറങ്ങിചെല്ലുക എന്നുള്ള താണ്. അത് ഒരുപക്ഷേ നമ്മുടെ ഭൗതിക വസ്തുക്കൾ ആകാം, നമ്മുടെ കഴിവുകൾ ആകാം, നമ്മുടെ സമയമാവാം. എന്തുതന്നെയായാലും ഉള്ളതു നൽകുവാൻ നമുക്കു കഴിയുമ്പോഴാണു ക്രിസ്തീയ ജീവിത ത്തിന്റെ അർത്ഥം മറ്റുള്ളവർക്കു മനസിലാകുക. ക്രിസ്തു തന്റെ ഉപമ യിലൂടെ ഉദ്ധരിക്കുന്നതും ഇതു തന്നെ. ഈ ലോകത്തിൽ ദൈവം നമ്മെ എല്ലാതരത്തിലും അനുഗ്രഹിച്ചുവെങ്കിൽ ഈ അനുഗ്രഹം മറ്റുള്ള വർക്കുകൂടി പങ്കുവച്ചുകൊടുക്കുവാൻ നമുക്കും കടമയുണ്ട്.

## ഉപസംഹാരം

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തന്റെ 'ലൗദാത്തോ സി' എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ ''നാം ഒന്നിന്റെയും ഉടമയല്ല മറിച്ചു സംരക്ഷകരും കാവൽക്കാരുമത്രേ''. പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട് എല്ലാം ദാനമായി ലഭിക്കെ ദാനമല്ലാത്ത രീതിയിൽ നാം എന്തിന് അഹങ്കരിക്കുന്നു. ജീവിതത്തിൽ നാം ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതാണു പാപം. ധനവാനു സംഭവിച്ചതും ഇതുതന്നെയാണ്. വെറും കടമ നിർവഹിക്കുന്നതിനേക്കാളുപരി അതൊരു ജീവിത സാക്ഷ്യമാണ്. അതായത്, അപരനിലലേക്കുള്ള ദൈവത്തിന്റെ കരമായി ഞാനും നിങ്ങളും മാറാനുള്ള വെല്ലുവിളിയാണ് ഇന്നത്തെ ഈ സുവിശേഷം നമുക്കു നൽകുന്ന സന്ദേശം.